കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലൈ 7, ബുധൻ

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 1999 ജൂലൈ മാസം 7-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ : 335

1 (*335) സീഡ് അതോറിറ്റി

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പാലോട് രവി
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് ആവശ്യമായ വിത്തുകൾ ലഭ്യമാക്കുന്നതിന് സീഡ് അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ വിത്തുൽപ്പാദന വിതരണത്തിന്റെ കുത്തക ഈ അതോറിറ്റിക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അന്തക വിത്തുകളുടെ കടന്നുകയറ്റം തടയാൻ ഈ അതോറിറ്റി രൂപീകരണം സഹായിക്കും എന്ന് കരുതുന്നുണ്ടോ;

(ഡി) ജൈവ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പഠനങ്ങൾ ഈ അതോറിറ്റിയിൽ നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇതിന് സ്റ്റാറ്റ്യൂട്ടറി അധികാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കാർഷിക സർവ്വകലാശാലകളുടെ വിത്തുൽപ്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ പുതിയ അതോറിറ്റി ഏതുവിധത്തിൽ ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ,

(എ)-(എഫ്) സംസ്ഥാനത്തെ കർഷകർക്ക് ഗുണനിലവാരമുള്ള വിത്തുകൾ ആവശ്യമായ അളവിൽ യഥാസമയം ലഭ്യമാക്കുന്നതിനുള്ള വൈഷമ്യം പരിഹരിക്കുന്നതിന് ഒരു സീഡ് അതോറിറ്റി രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ഇപ്പോൾ നാഷണൽ സീഡ് കോർപ്പറേഷൻ ഉൾപ്പെടെ വിവിധ ഏജൻസികളിൽനിന്നാണ് നെൽവിത്ത് ശേഖരിച്ച് വിതരണം ചെയ്യുന്നത്. പ്രധാന നെല്ല് സംഭരണ മേഖലയ്ക്ക് അനുയോജ്യമായ നെല്ലിനങ്ങളുടെ വിത്തുകൾ ഉൽപ്പാദകർവഴി വർദ്ധിപ്പിച്ച്, അവ ശേഖരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തി കർഷകർക്ക് യഥാസമയം വിതരണം ചെയ്യാവുന്ന ഒരു ശൃംഖല സൃഷ്ടിക്കുകയാണ് പ്രധാനമായും ഏജൻസികൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷി വകുപ്പിന്റെ കീഴിലുള്ള സീഡ് ഫാമുകൾ, കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളെല്ലാം ഈ പ്രവർത്തനത്തിന് പങ്കാളികളാണ്. വിത്ത് സംഭരണവും വിതരണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ടായിരിക്കും ഈ അതോറിറ്റി പ്രവർത്തിക്കുന്നത്.

ആദ്യഘട്ടത്തിൽ നെൽ വിത്തിന്റെ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടായിരിക്കും അതോറിറ്റി പ്രവർത്തിക്കുന്നത്. തുടർന്ന് പച്ചക്കറി പയറു വർഗ്ഗങ്ങൾ തുടങ്ങിയ മറ്റു വിളകളുടെ കാര്യവും അതോറിറ്റി പരിഗണിക്കുന്നതാണ്. വിശദാംശങ്ങൾ രൂപപ്പെടുത്തിവരുന്നതേയുള്ളൂ.

ശ്രീ. കെ. മുഹമ്മദാലി : കർഷകന് ഗുണനിലവാരമുള്ള വിത്തുകൾ ആവശ്യമായ തോതിൽ വിതരണം ചെയ്യുവാനാണ് സീഡ് അതോറിറ്റി രൂപീകരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറയുകയുണ്ടായി. സംസ്ഥാനത്തിന് പുറത്തുനിന്നും ഗുണമേൻമയില്ലാത്ത വിത്തുകൾ കൊണ്ടുവന്നു കൃഷിഭവൻ വഴി വിതരണം ചെയ്യുന്നത് മൂലമാണ് കേരളത്തിലെ കാർഷിക മേഖലയിൽ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളതെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഗുണനിലവാരമില്ലാത്ത വിത്തുകൾ കൊണ്ടുവരുന്ന നടപടി ഈ സീഡ് അതോറിറ്റി രൂപീകരിക്കുന്നതോടുകൂടി ഇല്ലാതാക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഗുണമേൻമയുള്ള വിത്തുകൾ കൊടുത്ത് ഗുണനിലവാരം വർദ്ധിപ്പിക്കുകയെന്നതാണ് ഈ ഗവൺമെന്റിന്റെ നയം. അതനുസരിച്ച് ഗുണനിലവാരമുള്ള വിത്തുകൾ മാത്രമേ ഈ ഗവൺമെന്റ് കൊണ്ടുവരുന്നുള്ളൂ. അത് ഉറപ്പുവരുത്താനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. മുഹമ്മദാലി : ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിക്കുമെന്ന് പറയുകയുണ്ടായി. വിത്ത് കൊണ്ടുവരുന്നതിന് പെർമിറ്റ് വാങ്ങി അനുയോജ്യമല്ലാത്ത വിത്ത് എന്ന പേരിൽ, പ്രത്യേകിച്ച് നെൽക്കൃഷി മേഖലയിൽ നെൽവിത്ത് എന്ന പേരിൽ നെല്ല് കൊണ്ടുവന്ന് മില്ലുകൾവഴി മറ്റ്രീതിയിൽ രൂപാന്തരപ്പെടുത്തുന്ന ഒരു സാഹചര്യമുണ്ടായിരിക്കുന്നു. അത് തുടർന്നുപോകാൻ അനുവദിക്കാത്ത നിലയിൽ ഗവൺമെന്റിന്റെ സജീവമായ ശ്രദ്ധയുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ഇ. ഇസ്മയിൽ : കഴിഞ്ഞ കാലങ്ങളിൽ അങ്ങനെയൊക്കെ ഉണ്ടായിരുന്നുവെന്ന് ബോദ്ധ്യമായതുകൊണ്ടാണ് ആ രീതിയ്ക്ക് ഒരു മാറ്റംവരുത്തി ഗുണനിലവാരമുള്ള വിത്തുകൾ കൊടുക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതും അതുകൊണ്ടാണ്.

ശ്രീ. പാലോട് രവി : പട്ടാമ്പിയിൽനിന്നും മങ്കൊമ്പിൽനിന്നുമൊക്കെ ഇറക്കുന്ന ജെനറ്റിക് മെറ്റീരിയൽസ്, ഇപ്പോൾ ഞങ്ങളുടെ നാട്ടിൽ എം.ഒ.-6 പവിഴമെന്ന് പറയുന്നതാണ് കൂടുതൽ പ്രചാരത്തിലിരിക്കുന്നത്. എം.ഒ.7-കാർത്തിക, എം.ഒ.-8 അരുണ, എം.ഒ.-9 മകം എന്നീ വിത്തുകൾ സാധാരണയായി റിലീസ് ചെയ്ത് ഡിപ്പാർട്ടുമെന്റ് ഫാമുകളിൽ മൾട്ടിപ്ലൈ ചെയ്ത് കിറ്റുകളിലാക്കിയാണ് ഫാമുകളിൽ എത്തിക്കുന്നത്. കൃഷിഭവൻ മുഖാന്തിരം ഫാമുകളിൽ കിട്ടുന്ന ജെനറ്റിക്സ് ശരിയ്ക്കും വിത്താക്കുന്നതിനുള്ള യാതൊരു സൗകര്യവും നമ്മുടെ സീഡ് ഫാമുകളിൽ ഇല്ല. കൃഷി ഫാമുകളിലേയ്ക്ക് പോകുന്ന വിത്തുകൾ ഉപയോഗശൂന്യമായിപ്പോകുന്നു/ മുളയ്ക്കുന്നില്ല. കഴിഞ്ഞ കൃഷി സമയത്ത് കൊടുത്ത 'ജയ' എന്നു പേരുള്ള വിത്ത് മുളച്ചിട്ടില്ല. അതുകൊണ്ട് സീഡ് ഫാമുകളിൽ വിത്ത് മുളപ്പിക്കുന്നതിനും വിത്തുൽപ്പാദിപ്പിക്കുന്നതിനും ഒരു അഗ്രികൾച്ചറൽ ഓഫീസറേയും അഗ്രികൾച്ചറൽ അസിസ്റ്റന്റിനേയും മാത്രമേ വച്ചിട്ടുള്ളൂ. ഇത് അപര്യാപ്തമാണ്. ടെസ്റ്റിംഗ് ലബോറട്ടറി ആലപ്പുഴയിൽ മാത്രമേ ഉള്ളൂ. ഈ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഞാൻ പട്ടാമ്പിക്കാരനാണ്. പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രമുള്ള ഒരു സ്ഥലമാണ്. ഇതുപോലെ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ തീർച്ചയായിട്ടും അതിനെക്കുറിച്ച് പരിശോധിക്കാം.

ജ്യോതി, ജയ, മട്ടത്രിവേണി, ആതിര, കൈരളി, ഐശ്വര്യ തുടങ്ങിയ നെൽവിത്തുകൾ മുളയ്ക്കുന്നില്ലായെന്ന് കൃഷിക്കാരുടെ ഭാഗത്തുനിന്നും ആക്ഷേപം കിട്ടിയിട്ടില്ല. ഇപ്പോഴാണ് ഒരാക്ഷേപം ഞാൻ കേൾക്കുന്നത്. അങ്ങനെ ആക്ഷേപം കിട്ടുകയാണെങ്കിൽ തീർച്ചയായിട്ടും അത് പരിശോധിക്കും.

ശ്രീ. പാലോട് രവി : ഈ സീസൺ മുതൽ വിത്തുകളുടെ വില 100 ശതമാനവും കൂടിയിരിക്കുകയാണ്. ഒരു കിലോ വിത്തിന് 5 രൂപയായിരുന്നു. ഈ സീസൺ മുതൽ 9 രൂപ ആക്കി, ഒരു ഹെക്ടർ കൃഷി ചെയ്യുന്നതിന് 80 കിലോ വിത്ത് വേണം, ഇന്ന് അതിന് 400 രൂപ കൂടിയിരിക്കുന്നു. വിത്തിന്റെ വില കുറയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ : വിത്തിന്റെ വില കുറയ്ക്കുകയല്ല, വിത്തിന് വിലയില്ലാതെ കൊടുക്കണം.

ശ്രീ. പാലോട് രവി : ഈ സീസൺ മുതൽ ഒരു കിലോ വിത്തിന് 5 രൂപ എന്നുള്ളത് 9 രൂപയാക്കി, ആ 9 രൂപ കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഇപ്പോൾ നമുക്ക് ഒരുവർഷം 32,000 ടൺ വിത്തുവേണം. പഴയ കാലങ്ങളിലൊക്കെ കൃഷിക്കാർ ആദ്യം കൊയ്യുന്നത് വൃത്തിയായി വിത്താക്കി വയ്ക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇപ്പോൾ അതില്ല. പ്രത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യുകയാണ്. വില വർദ്ധനവ് കൂടുതലാണെന്ന സ്ഥിതിയുണ്ടെങ്കിൽ അത് പരി

LIBRARY ARCHIVES Kerala Legislative Assembly

ശോധിക്കും. കാർഷിക മേഖലയിൽ അത്യുൽപ്പാദനം ഉണ്ടാക്കുന്നതിന് ആവശ്യമായ കാര്യങ്ങളിൽ ഏതെല്ലാം രീതിയിൽ കൃഷിക്കാരെ സഹായിക്കാൻ കഴിയുമോ അതൊക്കെ ചെയ്യണമെന്ന ആഗ്രഹത്തിലാണ് ഗവൺമെന്റ്. ആ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മെമ്പറും ബഹുമാനപ്പെട്ട സ്പീക്കറും പറഞ്ഞത് പരിശോധിക്കാം.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : കർഷകർക്ക് നല്ലയിനം വിത്തുകൾ ലഭ്യമല്ലാത്തതിനാൽ പരിഹാരമെന്നോണമാണ് സീഡ് അതോറിറ്റി രൂപീകരിക്കുവാൻ ഗവൺമെന്റ് മുൻകൈയെടുത്തതെന്ന് പറയുകയുണ്ടായി. ഇതര സംസ്ഥാനങ്ങളിലും ഈ ആവശ്യത്തിനുവേണ്ടി സീഡ് കോർപ്പറേഷനോ സീഡ് അതോറിറ്റിയോ രൂപീകരിക്കുകയുണ്ടായി. കാലാന്തരത്തിൽ പ്രത്യേകിച്ച് കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഇവയൊക്കെ പൂട്ടിക്കൊണ്ടിരിക്കുകയാണ്, ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുകയാണ്. ആ അനുഭവം നമ്മൾ രൂപീകരിക്കുന്ന അതോറിറ്റിയ്ക്ക് വരാതിരിക്കുവാൻ അത് പൂട്ടാൻ ഇടയായ സാഹചര്യമെന്തെന്ന് പഠിക്കുകയും അതിന്റെ പോരായ്മകൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : തീർച്ചയായിട്ടും അത് പരിശോധിക്കും. ഗുണമേൻമയുള്ള വിത്ത്, പച്ചക്കറിയുടെ ആയാലും നെല്ലിന്റെ ആയാലും മറ്റ് ഏതിന്റെ ആയാലും ലഭ്യമാവുമെന്ന് ഉറപ്പ്വരുന്നതിന് സഹായകമാവുന്ന രീതിയാണ് നമ്മൾ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : പ്രകൃതിദത്തമായി നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ നല്ലയിനം വിത്തുകൾ പൂർവ്വികൻമാർ പരീക്ഷണ-നിരീക്ഷണങ്ങൾ നടത്തി ഇവിടെ ഉൽപ്പാദിപ്പിക്കുകയും അവയെ സംരക്ഷിച്ച് വരികയും ചെയ്തിരുന്നു. പക്ഷേ കാലാന്തരത്തിൽ അന്തർദേശീയ ഔദ്യോഗിക വിദഗ്ദ്ധരുടെ കുപ്രചരണത്തിന്റെ ഫലമായി അതിൽ പലതും ഇല്ലായ്മചെയ്യുകയും കൃഷിയിടങ്ങളിൽനിന്നും നിഷ്ക്കാസനം ചെയ്തു പോകുകയുമാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഉണ്ടായിട്ടുള്ള വിപത്ത് വളരെ വലുതാണ്. അതുകൊണ്ട് നമ്മുടെ കൃഷിയിടങ്ങൾക്കും ഇവിടത്തെ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ രീതിയിൽ, നമ്മുടെ പൂർവ്വികൻമാർ പരീക്ഷിച്ച് നിരീക്ഷിച്ചു ഉണ്ടാക്കിയവിത്ത്, സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : പഴയകാലത്ത് നമ്മൾ ഉപയോഗിച്ചിരുന്ന വിത്തുകൾ ഇന്നും അതേപടി കൃഷിചെയ്യാൻ പറ്റിയപരുവത്തിലുള്ള മണ്ണല്ല ഇന്നുള്ളത് എന്നകാര്യം ബഹുമാനപ്പെട്ട കെ.എ. ചന്ദ്രനും എനിക്കുമൊക്കെ അറിയാവുന്നതാണ്. പാലക്കാടൻ കാർഷികമേഖലയിൽ ഏറ്റവും നല്ല വിത്തായി അംഗീകരിച്ചിട്ടുള്ളത് തവളക്കണ്ണൻ നെൽവിത്താണ്. എന്നാൽ ആ തവളക്കണ്ണൻ നെൽവിത്ത് ഇന്ന് പാലക്കാടൻ മേഖലയിൽ കൃഷിചെയ്യാൻ പറ്റുകയില്ല. കാരണം അന്ന് പച്ചിലയും ചാണകവുമൊക്കെ ഉപയോഗിച്ച് പ്രകൃതിയെ ആശ്രയിച്ചു കൃഷിചെയ്യുന്ന ആ പഴയ കൃഷി സമ്പ്രദായത്തിൽനിന്നും ഇന്നു പൂർണ്ണമായും മാറി ജൈവവളങ്ങളുപയോഗപ്പെടുത്തിയും അത്യുൽപ്പാദനശേഷിയുള്ള വിത്തുകളുപയോഗിച്ചും മണ്ണിനെ രൂപഭേദപ്പെടുത്തുന്നതിലുണ്ടാകുന്ന കാലതാമസവുമൊഴിവാക്കി, രാസവളങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൃഷിനടത്തിയതിന്റെ ഫലമായി ഫലത്തിൽ ഈ മണ്ണിൽ മറ്റുകൃഷികൾ ചെയ്യാൻ കഴിയാത്ത ഒരവസ്ഥയുണ്ടായിട്ടുണ്ട്. അതുകൊണ്ട് നമുക്ക് ഇന്ന് ആ പഴയരീതിയിലേയ്ക്ക് കൃഷിയെ തിരിച്ചുകൊണ്ടുപോകുക

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് ഇന്നത്തെ സാഹചര്യത്തിൽ വളരെയേറെ പ്രയാസകരമാണ്. എന്നാലും നമുക്ക് ഇത് പരിശോധിക്കാവുന്ന ഒരു വിഷയമാണ്. പുതിയ ഇനം വിത്തുകളാണ് നമ്മുടെ നാട്ടിൽ എല്ലാവരും വ്യാപകമായിട്ട് ഉപയോഗിക്കുന്നത്. പഴയ ഇനം വിത്തുകൾ ഇന്ന് ആരും ഉപയോഗിക്കുന്നില്ല.

ശ്രീ. കെ.സി. ജോസഫ് : ആദ്യഘട്ടത്തിൽ നെൽവിത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കുമെന്നു ഇവിടെ മന്ത്രി പറയുകയുണ്ടായി. നെൽക്കൃഷി മേഖലയിലെ ഗൗരവമായ കാര്യമാണ് വിത്തുവിതരണവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും. വർഷങ്ങളായി നെൽകൃഷിയുടെ ഉൽപ്പാദനത്തിനുവേണ്ട കാര്യങ്ങൾ നോക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു പാഡി ബോർഡ് വേണമെന്ന ആവശ്യം കൃഷിക്കാർ ഉന്നയിച്ചിരുന്നു. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : പാഡി ബോർഡിന്റെ കാര്യത്തിൽ ഗവൺമെന്റിനെ സംബന്ധിച്ച് നെൽക്കൃഷി ലാഭകരമാക്കുക, ഉള്ള ഭൂമിയിൽ നെൽക്കൃഷിയിൽ ഉറച്ചുനിൽക്കാനുള്ള സാഹചര്യം കൃഷിക്കാർക്ക് ഉണ്ടാക്കുക എന്നതാണ്. അതിനാവശ്യമായ ഏതൊക്കെ കാര്യങ്ങൾ ചെയ്യണമെങ്കിലും അതുചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. അതിനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഇക്കാര്യവും ഗവൺമെന്റ് പരിശോധിക്കും.

ശ്രീ. കെ.സി. ജോസഫ് : കേന്ദ്രീകൃതമായ വിത്തുവിതരണം പല മേഖലയിലും പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. കുട്ടനാടിന്റെ സ്വഭാവമല്ല പാലക്കാട് മേഖലയിലെ കൃഷിയിടങ്ങൾക്കുള്ളത്. അതുപോലെ പാലക്കാടിന്റെ സ്വഭാവമല്ല തൃശ്ശൂരിലെ കാർഷികമേഖലയിലുള്ളത്. അതുകൊണ്ട് ഓരോ പ്രദേശത്തെയും മണ്ണിന്റെയും കാലാവസ്ഥയുടെയും രീതിക്ക് അനുയോജ്യമായ വിത്തിനങ്ങളാണ് കർഷകർക്ക് കൊടുക്കേണ്ടത്. ഇപ്പോൾ നമ്മുടെ നാട്ടിൽ വ്യാപകമായി നെൽക്കൃഷി സമിതികൾ എല്ലാ പഞ്ചായത്തിലും ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ആ സമിതികളുമായി ബന്ധപ്പെട്ട് ഓരോ മേഖലയുടെയും ലോക്കൽ കൾട്ടിവേറ്റ് നീഡ്സ് അറിഞ്ഞുകൊണ്ട് അതിനനുസരിച്ചുള്ള വിത്തുൽപ്പാദിപ്പിക്കാനും അതു വിതരണം ചെയ്യാനും വേണ്ട നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : വിത്ത് ഉൽപ്പാദനം, ശേഖരണം, വിതരണം മുതലായ ചുമതലകൾ ഇതിന്റെ ഭാഗമായി വരുന്നുണ്ട്. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കാലാവസ്ഥ, മണ്ണിന്റെ സ്വഭാവം, ആ മേഖലയിലെ പ്രത്യേക സാഹചര്യങ്ങൾ ഇവയൊക്കെ പരിശോധിച്ച് അതിനനുസരിച്ചുള്ള വിത്തുകൾ നമ്മൾ ഉൽപ്പാദിപ്പിക്കുന്നതും വിതരണം ചെയ്യുന്നതുമാണ്. അതുകൊണ്ട് പ്രായോഗികമായി അക്കാര്യത്തിൽ ഒരു ബുദ്ധിമുട്ടും ഉണ്ടാകാൻ പോകുന്നില്ല.

ശ്രീമതി റോസമ്മ ചാക്കോ : വിത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് നമ്മൾ പുതിയ അതോറിറ്റി രൂപീകരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കാർഷിക സർവ്വകലാശാലയും ഗവൺമെന്റിന്റെ സീഡ് ഫാമിൽ നിന്നുമൊക്കെ ഉൽപ്പാദിപ്പിക്കുന്ന വിത്തുകൾക്ക് ഇന്ന് ഗുണനിലവാരമുണ്ടോ; അവയ്ക്കു ഗുണനിലവാരമില്ലെന്നാണ് നാട്ടുകാർ പൊതുവെ പറയുന്നത്. പലയിടത്തും വിത്ത് വിതരണ കേന്ദ്രങ്ങളിൽനിന്നും വിതരണം ചെയ്തിട്ടുള്ള വിത്തുകൾ മുളയ്ക്കുന്നതുപോലുമില്ലെന്നാണ് പരാതി പറയുന്നത്. അപ്പോൾ കാർഷിക സർവ്വകലാശാലയു

LIBRARY ARCHIVES Kerala Legislative Assembly

ടെയും അതുപോലെത്തന്നെ സീഡ് ഫാമുകളുടെയുമൊക്കെ വിതരണ കേന്ദ്രങ്ങളെ അഫിലിയേറ്റ് ചെയ്തുകൊണ്ട് അതോറിറ്റി രൂപീകരിക്കുമ്പോൾ എങ്ങനെയാണ് വിത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ നമുക്ക് കഴിയുക എന്നുള്ളതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഗുണമേന്മയുള്ള വിത്തുകളാണ് കൃഷിക്കാർക്ക് സാധാരണയായി വിതരണം ചെയ്യുന്നത്. എന്നാൽ കൃഷിക്കാർക്ക് കൊടുക്കുന്ന വിത്തുകൾ ഗുണമേന്മയുള്ളതല്ലെങ്കിൽ അവ ഗുണമേൻമയില്ലാത്തവയാണെന്നുള്ള അഭിപ്രായം കൃഷിക്കാരാണ് പറയേണ്ടത്. ഗുണമേൻമയില്ലാത്ത വിത്തുകളാണ് വിതരണം നടത്തിക്കൊണ്ടിരിക്കുന്നതെന്ന പ്രകടമായ ആക്ഷേപങ്ങളൊന്നുംതന്നെ ഇതേവരെ ഗവൺമെന്റിന്റെ മുൻപാകെ വന്നിട്ടില്ല. ഇനി അത്തരം ആക്ഷേപങ്ങളുണ്ടാവുകയാണെങ്കിൽ തീർച്ചയായും അതേക്കുറിച്ച് പരിശോധിക്കും, ആ പരാതി പരിഹരിക്കാനുള്ള നടപടികളും അപ്പോൾത്തന്നെ സ്വീകരിക്കും.

ശ്രീമതി റോസമ്മ ചാക്കോ : ഇപ്പോൾ സീഡ് ഫാമിൽനിന്നും കർഷകർക്ക് വിത്തുകളൊക്കെ കൊടുക്കുന്നുണ്ട്. ഇവിടെ നേരത്തെ ശ്രീ. കെ.സി. ജോസഫ് പറഞ്ഞതുപോലെ ഓരോ പ്രദേശത്തെയും മണ്ണിന്റെ ഗുണവും കാലാവസ്ഥയും പരിഗണിച്ച് ഫലപ്രദമായ രീതിയിൽ വിത്തുകൾ വിനിയോഗിക്കാൻ കഴിയുകയില്ലെന്നുള്ള വസ്തുത കണക്കിലെടുത്ത് കൃഷിക്കാരിൽനിന്നും നെൽവിത്തുകൾ ശേഖരിച്ച് വിതരണം ചെയ്യുകയല്ലേ കൂടുതൽ ലാഭകരവും സഹായകരവും. വിത്തിന്റെ ലഭ്യതയ്ക്ക് കൂടുതൽ സൗകര്യവും എന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ; നമ്മൾ പരീക്ഷിച്ചെടുക്കുന്ന അന്തകൻ നെൽവിത്ത് കൃഷി ചെയ്തുകഴിഞ്ഞാൽപ്പിന്നെ അതിൽനിന്ന് എടുക്കുന്ന വിത്തിന് പ്രത്യുൽപ്പാദനശേഷിയില്ലെന്നും അതു നഷ്ടമാകും എന്നൊക്കെ പറഞ്ഞുകേൾക്കുന്നുണ്ട്. അതേപ്പറ്റി ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നും, ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായം എന്താണെന്നുംകൂടി ഒന്നു വ്യക്തമാക്കിയാൽ നന്നായിരുന്നു.

ശ്രീ. കെ.ഇ. ഇസ്മയിൽ : ഗുണനിലവാരമുള്ള നല്ലയിനം നെൽവിത്തുകൾ കൃഷിചെയ്യാൻ കർഷകർ തയ്യാറായാൽ സ്വാഭാവികമായിട്ടും വെളിച്ചം വരുമ്പോൾ ഇരുട്ടു മാറുന്നതുപോലെ അന്തകൻ വിത്തും അതിനു വഴിമാറിക്കൊടുക്കേണ്ടിവരും. അതിനാണ് ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തി അന്തകൻ വിത്തിന്റെ അന്ത്യം കുറിക്കാൻ തന്നെ ആലോചിക്കുന്നത്. അത് സ്വാഭാവികമായും സാധ്യമാവുകതന്നെ ചെയ്യും.

ശ്രീ. പി.കെ. കുമാരൻ : നമ്മുടെ കൃഷിക്കാർ ആദ്യകാലങ്ങളിൽ ഓരോ പാടത്തിന്റെയും പരുവം അനുസരിച്ചുള്ള വിത്തുകളാണ് കൃഷി ചെയ്തിരുന്നത്. ഇന്നിപ്പോൾ നമുക്ക് അത്യുൽപ്പാദനശേഷിയുള്ള വിത്തുകളാണ് ഉള്ളതെന്നും പറഞ്ഞു. നമ്മുടെ പാടങ്ങൾക്ക് യോജിക്കാത്ത തരത്തിലുള്ള വിത്തുകളാണ് പലപ്പോഴും കൃഷിക്കാർക്ക് ലഭിക്കുന്നത്. ഈ സ്ഥിതിക്ക് മാറ്റം വരുത്തി കൃഷിക്കാരുടെ താൽപ്പര്യത്തിനനുസരിച്ച് കൃഷി മെച്ചപ്പെടുത്തുന്നതിന് സഹായകരമായ പ്രാദേശികമായ വിത്ത് സംഭരിക്കുന്നതിനും അത് കൃഷിക്കാർക്ക് നൽകുന്നതിനും ആവശ്യമായിട്ടുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സീഡ് അതോറിറ്റിയുടെ രൂപീകരണത്തോടെ ഉൽപ്പാദനശേഷിയുള്ള നല്ലയിനം വിത്തുകൾ കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : കാസർഗോഡ്, കണ്ണൂർ ഭാഗങ്ങളിൽ കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിലുള്ള വിത്തുൽപ്പാദന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള പല സ്ഥാപനങ്ങളും പൂട്ടിക്കൊണ്ടിരിക്കുന്നു എന്നും അതു ഈ ജില്ലകളോടുള്ള അവഗണനയാണെന്നും, അവ തുറന്നു പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വ്യാപകമായ സമരം നടക്കുകയാണ്. ശ്രീ. ഗോവിന്ദൻ, എക്സ്-എം.പി. ഉദ്ഘാടനം ചെയ്തതും അങ്ങയുടെ കക്ഷിയിൽപ്പെട്ട എം. നാരായണൻ അദ്ധ്യക്ഷം വഹിക്കുകയും ചെയ്ത ഒരു സ്ഥാപനത്തിൽ ഇന്ന് സത്യാഗ്രഹസമരം നടക്കുകയാണ്. ശ്രീ. നാരായണൻ പറയുന്നു, ഇത് സർവ്വകലാശാലയോടുള്ള അവഗണനയാണ്; അതിനെതിരായി ബഹുജനങ്ങൾ സംഘടിച്ച് മുന്നോട്ടു വരണമെന്ന്. ഇങ്ങനെ പറഞ്ഞുകൊണ്ട് അവിടെ സമരം നടത്തുമ്പോൾ മുൻകൂട്ടി അതേക്കുറിച്ച് നോട്ടീസ് നൽകണം. എൽ.ഡി.എഫ്. തന്നെയാണ് സമരം നടത്തുന്നത്. അങ്ങയുടെ കക്ഷിക്കാരനായ എം.എൽ.എ ആണ് സമരം നടത്തുന്നത്. അതുകൊണ്ട് ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകണം. അക്കാര്യത്തിൽ എന്തു നടപടിയാണ് ഗവൺമെന്റ് കൈക്കൊള്ളാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഇതു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുമായി ഒരു ബന്ധവുമില്ലാത്ത വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അങ്ങനെ എന്തെങ്കിലും അവഗണനയോ പ്രശ്നമോ ഉണ്ടെങ്കിൽ പരസ്പരം ബന്ധപ്പെടുത്തി പറയാം. അതിൽ വിരോധമൊന്നുമില്ല. സീഡ് അതോറിറ്റി രൂപീകരിക്കുന്ന കാര്യവുമായി ബന്ധപ്പെട്ടതല്ല കാസർഗോഡ് നടക്കുന്ന സമരം. വിത്തുൽപ്പാദനവുമായി ബന്ധപ്പെട്ട പ്രശ്നത്തിൻമേലാണ് ഇപ്പോൾ അവിടെ സമരം നടക്കുന്നതെങ്കിൽ ഞങ്ങൾ അത് പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ ഏത് കാര്യത്തിനുവേണ്ടിയാണ് അവിടെ സമരം നടക്കുന്നതെന്ന് അന്വേഷിച്ച് ആ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അക്കാര്യത്തെക്കുറിച്ച് പരിശോധിക്കും, ന്യായമായ പരിഹാരവും അതിനുണ്ടാകും. ധാരാളം സമരങ്ങൾ നാട്ടിലുടനീളം നടക്കുന്നുണ്ടല്ലോ; ഇതൊരു പുതിയ സംഭവമായിട്ട് ഇവിടെ പറയേണ്ട വല്ല കാര്യവുമുണ്ടോ? എത്രയോ സമരങ്ങൾ ഇവിടെ നടക്കുന്നു; ഞങ്ങളുമൊക്കെ ധാരാളം സമരങ്ങൾ നടത്തിയിട്ടുണ്ട്. (ബഹളം .....)

ശ്രീ. ആര്യാടൻ മുഹമ്മദ് : എന്തായാലും ഇതേക്കുറിച്ച് ഗവൺമെന്റ് അറിഞ്ഞിട്ടില്ല, ശ്രദ്ധയിൽ വന്നിട്ടില്ലായെന്നൊക്കെ പറയുന്നത് ന്യായീകരിക്കാനാവുകയില്ല.

ശ്രീ. കെ.ഇ. ഇസ്മയിൽ : അറിയേണ്ടതെല്ലാം ഞങ്ങൾ അറിയുന്നുണ്ട്.

മി. സ്പീക്കർ : ഇവിടെ ചോദ്യം ചോദിക്കുന്നത് ചെയർ അറിഞ്ഞുകൊണ്ടായിരിക്കണം. സീറ്റിൽ ഇരുന്നുകൊണ്ട് വെറുതെ ഓരോന്നു വിളിച്ചുപറയരുത്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : ഇത്തവണത്തെ വെള്ളപ്പൊക്കത്തിന്റെ ഫലമായി വ്യാപകമായ കൃഷിനാശമുണ്ടായിട്ടുണ്ട്. അങ്ങനെ കൃഷിനാശം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് പല സ്ഥലത്തും വിത്തിന്റെ അഭാവംമൂലം കൃത്യമായി കൃഷിയിറക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി വെള്ളപ്പൊക്കംമൂലം കൃഷിനാശം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക് ആ പ്രദേശങ്ങളിൽ കൃഷിയിറക്കുന്നതിന് ആവശ്യമായ പുതിയ ഇനം വിത്തുകൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : അത് വളരെ ന്യായമായ ചോദ്യമാണ്. കാല വർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ചിട്ടുള്ളവർക്ക് അടിയന്തിരമായി നാശനഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്നതനുസരിച്ച് ധനസഹായം കൊടുക്കുകയാണ് ചെയ്യുന്നത്. റിപ്പോർട്ട് കിട്ടിയതനുസരിച്ച് രണ്ട് കോടി ഉറുപ്പിക അനുവദിച്ചിട്ടുണ്ട്. ആവശ്യമാണെന്ന് കണ്ടാൽ ഇനിയും കൂടുതൽ രൂപ അനുവദിക്കും. അതുപോലെ തന്നെ കൃഷിനാശം സംഭവിച്ചിട്ടുള്ളവർക്കും വെള്ളപ്പൊക്കത്തിന്റെ ഭാഗമായി വിളയിറക്കാൻ കഴിയാത്തവർക്കും അടിയന്തിരമായി വിത്തു നൽകുന്നതിനുള്ള നടപടികളും ഞങ്ങൾ സ്വീകരിക്കുന്നതാണ്.

2 (*336) കർഷകരക്ഷാ പദ്ധതി

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കർഷകരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൻകീഴിൽ എന്തെല്ലാം ആനുകൂല്യങ്ങൾ ആണ് കർഷകർക്ക് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുള്ളത്;

(സി) കേരളത്തിൽ ആകെ എത്ര കർഷകർക്കാണ് ഇതിന്റെ ഗുണം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) കർഷകരക്ഷാ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തേണ്ട കർഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(ഇ) കർഷകരക്ഷാ പദ്ധതി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൃഷി വകുപ്പ് ഡയറക്ടർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ,

(എ) ഉണ്ട്.

(ബി) പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

1.	എല്ലാവിധ അപകടമരണവും	:	1 ലക്ഷം രൂപ
2.	പൂർണ്ണമായ അംഗവൈകല്യം	:	1 ലക്ഷം രൂപ
3.	രണ്ട് കാലുകൾ/കൈകൾ/ കണ്ണുകൾ നഷ്ടം	:	1 ലക്ഷം രൂപ
4.	ഒരു കൈ/കാൽ/കണ്ണ് നഷ്ടം	:	50,000 രൂപ
5.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം	:	5,000 രൂപ വീതം

LIBRARY ARCHIVES Kerala Legislative Assembly